**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 956** **14-01-2021 - ൽ മറുപടിയ്ക്ക്**

**തലശ്ശേരി നിയോജക മണ്ഡലത്തിൽ ഒളവിലം പാത്തിക്കൽ റഗുലേറ്റർ കം ബ്രിഡ്ജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. എൻ. ഷംസീർ | | Shri. K. Krishnankutty (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | തലശ്ശേരി നിയോജക മണ്ഡലത്തിലെ ചൊക്ലി ഗ്രാമപഞ്ചായത്തിലും ന്യൂമാഹി ഗ്രാമപഞ്ചായത്തിലെ ചില പ്രദേശങ്ങളിലും ഉപ്പുവെള്ളം കയറുന്നത് പരിഹരിക്കുന്നതിന് ഈ സർക്കാർ ബജറ്റിൽ തുക നീക്കിവച്ച ഒളവിലം പാത്തിക്കൽ റഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കുന്ന പ്രവർത്തി നടപ്പിലാക്കുന്നതിന് ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | തലശ്ശേരി നിയോജക മണ്ഡലത്തിലെ ചൊക്ലി പഞ്ചായത്തിലെ ഒളവിലം പാത്തിക്കലിൽ റഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് 4.33 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തിക്ക് ഭരണാനുമതി നൽകുകയും പ്രവർത്തി പൂർത്തീകരിക്കുകയും ചെയ്തു. ഐ.ഡി.ആർ.ബി യിൽ നിന്നും റഗുലേറ്റർ കം ബ്രിഡ്ജിന്റെ ഡിസൈൻ ലഭിക്കുകയും 9.00 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഈ സ്കീം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി സമർപ്പിക്കുന്നതിനുള്ള ആയക്കട്ട് ലിസ്റ്റ് ലഭിക്കുന്നതിനു വേണ്ടി ചൊക്ലി, ന്യൂമാഹി എന്നീ വില്ലേജ് ഓഫീസർമാരോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭ്യമായ ഉടൻ തന്നെ മറ്റ് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ